**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** 31-08-2022 - ൽ മറുപടിയ്ക്ക്

**കായിക മേഖലയിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക മേഖലയിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിർമാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്** |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ട് നവീകരണം നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **ഉണ്ട്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ നന്തിക്കര ജി.വി. എച്ച്. എസ്. എസ്. ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള താഴെ പറയുന്ന സൗകര്യങ്ങളിൽ അനുയോജ്യമായവ, സ്ഥലം സന്ദർശിച്ച് പ്രാദേശിക മുൻഗണനകൾ കൂടി പരിഗണിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതാണ്**<br><br>**<u>നിർദ്ദേശിച്ച സൗകര്യങ്ങൾ</u>**<br><br>**മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേ കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവ കളിക്കാനുള്ള കോർട്ടുകൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫി ഷോപ്പ് തുടങ്ങിയവ,** |
| (സി) | എങ്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് ഇതിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (സി) | **ഉണ്ട്.**<br><br>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ നന്തിക്കര ജി.വി. എച്ച്. എസ്. എസ്. ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള താഴെ പറയുന്ന സൗകര്യങ്ങളിൽ അനുയോജ്യമായവ, സ്ഥലം** |

| | | | |
|---|---|---|---|
| | | | **സന്ദർശിച്ച് പ്രാദേശിക മുൻഗണനകൾ കൂടി പരിഗണിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതാണ്**<br><br>**<u>നിർദ്ദേശിച്ച സൗകര്യങ്ങൾ</u>**<br><br>**മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേ കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവ കളിക്കാനുള്ള കോർട്ടുകൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫി ഷോപ്പ് തുടങ്ങിയവ,** |
| (ഡി) | ഓരോ പഞ്ചായത്തിലും ഒരു ഗ്രൗണ്ടിന്റെയെങ്കിലും നവീകരണം നടത്തുന്നതിനായി പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ; വ്യക്തമാക്കാമോ? | (ഡി) | **2021 - 22 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഓരോ പദ്ധതികളും ഒരു കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന പഞ്ചായത്ത് കളിസ്ഥല നിർമ്മാണത്തിന്റെ 50% ചെലവ് സർക്കാർ വഹിക്കുകയും ബാക്കി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്ഥാപനഫണ്ട്, സി.എസ്.ആർ. ഫണ്ടുകൾ, പൊതു സ്വകാര്യ പങ്കാളിത്തം എന്നിവയിൽ നിന്നു കണ്ടെത്തിക്കൊണ്ടും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**ടി പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ബഹു.എം.എൽ.എ. മാരിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് സ്ക്രൂട്ടിനി കമ്മിറ്റി നിർദ്ദേശിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് സ്ഥലപരിശോധന നടത്തി, വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |

സെക്ഷൻ ഓഫീസർ